

# eദളം

## ഡിജിറ്റൽ മാഗസിൻ 2023-2024

### ഡി യു എച്ച് എസ് എസ് തൂത

LITTLE KITES TEAM



HEAD MASTER
YUSAF MASTER



DEPUTY HEAD MISTRESS
GEETHA TEACHER



STAFF SECRETARY
YUSAF MASTER

# ഇവിടം
# ഇതൾ

വിടർത്തുന്നു .

കുട്ടികളുടെ സർഗാത്മകതയും

സ്കൂളിന്റെ മികവുകളും കൂടിച്ചേർന്നു

ഒരു മാഗസിൻ.

ഇതൊരു മുഴനിർമിതി എന്ന്

അവകാശവാദങ്ങൾ ഇല്ലെങ്കിലും

കുട്ടികളുടെ കലാപരമായ കഴിവുകൾ

പരിപോഷിപ്പിക്കാൻ

ഇതുപോലെയുള്ള മാഗസിൻ ആവശ്യമാണ് .

മൊബൈൽ ഫോണിന്റെ അതിപ്രസരത്തിൽ

നിലച്ചു പോയ എഴുത്തും

വായനയും കൈകളിൽ സുപരിചതമാക്കക

എന്നതും ഇതിന്റെ ലക്ഷ്യങ്ങൾ ആണ്

ഡിജിറ്റൽ മാഗസിൻ 2023-2024
ഡി യു എച്ച് എസ് എസ് തൂത

LITTLE KITES TEAM



മസിനഗുഡി വഴി

# ഊട്ടി അല്ല

## 2023-24 മികവുകളിലേക്ക് ഒരു എത്തിനോട്ടം



ഒന്നരലക്ഷത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പ്: ഫാത്തിമ നിദ ഐഎസ്ആർഒ ക്യാംപിലേക്ക്




അഭിമാനം
എന്റെ
ഡി യു എച്ച് എസ് എസ്





ഫാത്തിമ നിദ YUVIKA ക്യാമ്പിൽ പങ്കെടുക്കുന്നു

# ഫാത്തിമ നിദ

ഇന്ത്യയിലെ ഒന്നരലക്ഷം ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികളിൽ നിന്ന് ISRO തിരഞ്ഞെടുത്ത (കേരളത്തിൽ നിന്ന് 4 പേരിൽ ഒരാൾ) തൂത ഡി യു എച്ച് എസ് എസിൽ നിന്ന്

# SSLC 2023

**100%**
**വിജയം**

**വിജയാ 2**
**രവം 3**



**79**
**FULL A+**

**455/455**

# 2023 എസ് എസ് എൽ സി A പ്ലസ് വിജയികളെ

## സ്നേഹാദരം

































# 2023 എസ് എസ് എൽ സി A പ്ലസ് വിജയികളെ

## സ്നേഹാദരം




LSS , USS , NMMS
വിജയികൾക്കുള്ള
ആദരം
DUHSS THOOTHA

# സ്പോർട്സ്
# 2023-24

പെരിന്തൽമണ സബ് ജില്ല സ്കൂൾ കായികോൽസവം 2023

**15 വർഷം**

## തുടർച്ചയായ സബ് ജില്ല ചാമ്പ്യന്മാർ





കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കുന്ന മലപ്പുറം റവന്യു ജില്ലാ സ്കൂൾ

അത്‌ലറ്റിക് മീറ്റിൽ

സബ് ജൂനിയർ വിഭാഗം 400 മീറ്ററിൽ Bronze മെഡൽ കരസ്ഥമാക്കിയ

**മുഹമ്മദ് അമൻ പി**


















FURIO
2K23
ANNUAL
ATHLETIC
MEET
SEPTEMBER 12,13
@fayisn


# ശാസ്ത്രോൽസവത്തിലും
# മികവോടെ















## IT FAIR (HS)

### PRESENTATION



Second A Grade

## WORK EXPERIENCE FAIR (HS)

### PRODUCT USING REXIN CANVAS AND LEATHER



Second A Grade

## WORK EXPERIENCE FAIR (HS)

### UMBRELLA MAKING



## WORK EXPERIENCE FAIR (HS)

### METAL ENGRAVING

FIRST A Grade



NADHA FATHIMA K

## WORK EXPERIENCE FAIR (HS)

THIRD A Grade


### COCONUT SHELL PRODUCT



FIRST A Grade

## WORK EXPERIENCE FAIR (HS)

### METAL ENGRAVING



NAFEESATHUL MISIRIYA V

## WORK EXPERIENCE FAIR (HS)

### WOOD WORK

FIRST A Grade



ABIJITH M

## WORK EXPERIENCE FAIR (HS)

THIRD B Grade

### STUFFED TOYS



FIRST A Grade


സംസ്ഥാന
ശാസ്ത്രമേളയിലും
തിളങ്ങി തൂത DUHSS
A
Grade
നഫീസത്തുൽ
മിസ് രിയാ വി
METAL ENGRAVING
സനാ ശബ്നം സി പി
UMBRELLA MAKING
അഭിനന്ദനങ്ങൾ
DUHSS കുടുംബം

# കലോൽസവം 2023















മലപ്പുറം റവന്യൂ ജില്ല
സ്കൂൾ കലോൽസവം
മാപ്പിളപ്പാട്ട്
3RD
PLACE
A Grade
അഷ്മിൽ
ഷാൻ എൻ പി
അഭിനന്ദനങ്ങൾ
DUHSS THOOTHA

# ദേശാഭിമാനി അക്ഷരമുറ്റം

ഡി യു എച്ച് എസ് എസ് തൂത
ഹൈസ്കൂൾ തല വിജയികൾ



## ഗാന്ധി ദർശൻ
സബ് ജില്ല സ്കൂൾ കലോൽസവം



ഓവറോൾ രണ്ടാം സ്ഥാനം
ഹൈസ്കൂൾ വിഭാഗം

ഡി യു എച്ച് എസ് എസ് തൂത



ഇർഫാൻ, മർവാൻ (10G)
ജില്ലാ തല റോബോട്ടിക് മേളയിൽ
പങ്കെടുത്തപ്പോൾ..


അഭിനന്ദനങ്ങൾ




തങ്ങളുടെ
ബാലേട്ടനും ഗിരിജ ടീച്ചർക്കും
ഡി യു എച്ച് എസ് എസ് കുടുംബത്തിന്റെ


ARDUINO
Little KITEs
ഡി യു എച്ച് എസ് എസ് തൂത
ലിറ്റിൽ കൈറ്റ്സ്
പ്രിലിമിനറി ക്യാമ്പ്
വ്യാഴം രാവിലെ 10 മണിക്ക്
ക്ലാസ്സ് നയിക്കുന്നത്
ബഷീർ സി എം
മാസ്റ്റർ ട്രെയിനർ
കൈറ്റ്സ് മലപ്പുറം
ലിറ്റിൽ കൈറ്റ്സ്
ഡി യു എച്ച് എസ് എസ് തൂത


അരികെ
കുട്ടിയെ അറിയാൻ
പഠനത്തെ അറിയാൻ
പത്താം ക്ലാസ്
വിദ്യാർത്ഥികളുടെ രക്ഷാകർതൃ
സംഗമം
15/07/2023 ശനി
രാവിലെ 10 .30 A|B|C|D|E|F ഡിവിഷനുകൾ
ഉച്ചക്ക് 2 മണിക്ക് G|H|I|J|K ഡിവിഷനുകൾ
വിജയഭേരി
ഡി യു എച്ച് എസ് എസ് തൂത


ജൂലൈ-5
ബഷീർ ദിനം
തൂലികയിലൂടെ സ്നേഹമൊഴുക്കിയ
സുൽത്താന്റെ ഓർമ്മ ദിനം
ബഷീർ അനുസ്മരണ പ്രസംഗം
അഞ്ച് മിനിറ്റ്
ബഷീർ കഥാപാത്രങ്ങളെ വരയ്ക്കൽ
പെൻസിൽ ഡ്രോയിങ്
ജൂലൈ 6 ന് ജിനേഷ് സാറിനെ ഏൽപ്പിക്കുക
ആസ്വാദനക്കുറിപ്പ് മത്സരം
ബഷീറിന്റെ ഏതെങ്കിലുമൊരു കൃതി വായിച്ച്
അതിന് ആസ്വാദനം തയ്യാറാക്കി
ജൂലൈ -10 നു മുൻപ് നിഷി ടീച്ചറെ ഏൽപ്പിക്കുക
മലയാള വിഭാഗം& വിദ്യാരംഗം കലാ സാഹിത്യ വേദി
ഡി യു എച്ച് എസ് എസ് തൂത


Eid
വലിയ പെരുന്നാൾ
ആഘോഷത്തിന്റെ ഭാഗമായി
മൊഞ്ചേറും മൈലാഞ്ചി
UP, HS വിഭാഗം
പെൺകുട്ടികൾക്കായി
മെഹന്തി ഫെസ്റ്റ്
27/06/23 ചൊവ്വ
UP വിഭാഗം കുട്ടികൾ
സിഫാനത്ത് ടീച്ചർ വശവും
HS വിഭാഗം കുട്ടികൾ
സിംന ടീച്ചർ വശവും
പേര് നൽകുക
ആർട്സ് കമ്മറ്റി
ഡി യു എച്ച് എസ് എസ് തൂത


ജൂൺ 19
വായന ദിനം
പി എൻ പണിക്കർ ചരമ ദിനം
വായനദിന പ്രതിജ്ഞ
പോസ്റ്റർ രചന മത്സരം
ഭാവാത്മക വായന
ക്വിസ് മത്സരം
ആസ്വാദനക്കുറിപ്പ് മത്സരം
വായിച്ചു
വളരുക
ചിന്തിച്ചു
വിവേകം നേടുക
ഡി. യു. എച്ച് എസ് എസ്. തൂത


ARABIC LEARNING
IMPROVEMENT FORCE (ALIF)
അലിഫ് അറബിക് ടാലന്റ് ടെസ്റ്റ്
പെരിന്തൽമണ്ണ ഉപജില്ലാ
ഹൈസ്കൂൾ വിഭാഗം
രണ്ടും മൂന്നും സ്ഥാനം
ഡി യു എച്ച് എസ് എസ് തൂത
SECOND
THIRD
ആയിഷത്തു റിൻഷിദ
ഫാത്തിമ ഷെറിൻ
ഒരായിരം
അഭിനന്ദനങ്ങൾ


SUBROTO CUP
U-17
DUHSS തൂത സെമിയിൽ
അഭിനന്ദനങ്ങൾ
D.U.H.S.S Thootha


സംസ്ഥാന സ്കൂൾ
ടൂർണമെന്റിൽ
രണ്ടാം സ്ഥാനം
DUHSS
തൂതയുടെ
അഭിനന്ദനങ്ങൾ
DUHSS
FAMILY




# ആദരം

D U H S S THOOTHA SSLC 2023-24 X-J



D U H S S THOOTHA SSLC 2023-24 X-B



D U H S S THOOTHA SSLC 2023-24 X-H



DUHSS THOOTHA SSLC 2023-24 X-G



DUHSS THOOTHA SSLC 2023-24 X-F



DUHSS THOOTHA SSLC 2023-24 X-D



DUHSS THOOTHA SSLC 2023-24 X-C



DUHSS THOOTHA SSLC 2023-24 X-K



DUHSS THOOTHA SSLC 2023-24 X-A




D U H S S THOOTHA S S L C 2023-24
X-E













# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

Mohammed Nihal 9C

നിലാവ് പെയ്യുന്ന നാട്ടുവഴികൾ
നിൻഗന്ധമാലെ പൂത്തുലഞ്ഞു
മാനത്തെ മുകിലിൽ ഒളിക്കുന്നതെന്തേ
മിണ്ടാട്ടമില്ലാത്ത പെണ്ണേ

പൂക്കളൊക്കെയും നിനക്കായ് വിരിഞ്ഞു
പൂമൊട്ടിനുള്ളിലെ തേൻതുള്ളിയും

അഴകായി നീ അലിവായി നീ
അഴലിന്റെ ആഴങ്ങളിൽ മറഞ്ഞോ



# ഉറുമ്പും പുൽച്ചാടിയും

ഒരു മനോഹരമായ വേനൽ കാലത്ത് ഒരു മടിയനായ പുൽച്ചാടി എന്നത്തേയും പോലെ വെറുതെ ഇരുന്ന് വെയിൽ കായുകയായിരുന്നു അപ്പോൾ കഠിനാദ്ധ്വാനിയായ ഒരു ഉറുമ്പ് ആ വഴി പോകുന്നുണ്ടായിരുന്നു വളരെ ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു ധാന്യ മണി തന്റെ കൂട്ടിലേക്ക് ചുമന്നു കൊണ്ടുപോവുകയായിരുന്നു.
അപ്പോൾ പുൽച്ചാടി ഉറുമ്പിനോട് ചോദിച്ചു.

"ദിവസം മുഴുവൻ ഇങ്ങനെ പണിയെടുക്കാതെഎന്ത് കൊണ്ട് എന്റെകൂടെ കുശലം പറഞ്ഞൂടാ"

.അപ്പോൾ ഉറുമ്പ് പറഞ്ഞു.

"ഞാൻ മഞ്ഞുകാലത്തേക്കുള്ള ശേഖരിക്കുകയാണ്. നിങ്ങളും അങ്ങനെ ചെയ്യൂ".

തണുപ്പ് കാലം വന്നാൽ നിങ്ങൾ എന്ത് കഴിക്കും നിങ്ങളുടെ കുടുംബത്തിന് വിശപ്പ് മാറ്റാൻ എന്ത് ചെയ്യും".

പുൽച്ചാടി ചിരിച്ച് കൊണ്ട് പറഞ്ഞു.

"നിങ്ങൾക്ക് എപ്പോഴും ധൃതിയാണ്. എന്തിനാണ് എപ്പോഴും ഇങ്ങനെ കഷ്ടപ്പെടുന്നത്.
മഞ്ഞു കാലത്ത് എന്തിന് ഭയപ്പെടണം. നമുക്കിപ്പോൾ ഇവിടെ ധാരാളം ഭക്ഷണം ഉണ്ടല്ലോ.

പക്ഷെ ഉറുമ്പ് ബുദ്ധിയുള്ളവനായിരുന്നു". അവൻ പുൽച്ചാടി പറഞ്ഞത് ഒന്നും ശ്രദ്ധിക്കാതെ ജോലി തുടർന്നു. തണുപ്പ് കാലത്തേക്ക് ആവശ്യമായ ഭക്ഷണം ശേഖരിച്ചു. മഞ്ഞുകാലം പെട്ടെന്ന് എത്തി.


പുൽച്ചാടി ഒന്നും ശേഖരിക്കാത്തതിനാൽ അവൻ താമസിക്കാൻ ഇടമോ ഭക്ഷണമോ കിട്ടിയില്ല.
അവൻ ഉറുമ്പിന്റെ വീട്ടിൽ ചെന്ന് ആഹാരത്തിനായും താമസിക്കാൻ സ്ഥലത്തിനായും യാചിച്ചു.
അപ്പോൾ ഉറുമ്പ് പറഞ്ഞു.

സഹായിക്കാൻ കഴിയില്ല.
എന്റെ കുടുംബത്തിനുള്ള ഭക്ഷണവും മുറിയും മാത്രമേ ഇവിടെ ഉള്ളൂ. അത്കൊണ്ട് നിങ്ങൾ മറ്റൊരാളോട് ചോദിക്കു".

പുൽച്ചാടി നിരാശയോടെ പറഞ്ഞു.

"ഞാനും ഉറുമ്പിനെ പോലെ ചെയ്യേണ്ടതായിരുന്നു".

Fathimathu Najiya. P





# രാജാവും കൃഷിക്കാരനും

സിലൂമിയ എന്ന രാജ്യത്തെ രാജാവ്
ഒരിക്കൽ കാട്ടിൽ നായാട്ടിനു പോയി.
അതിനിടയിൽ കൂട്ടംതെറ്റി രാജാവ്
ഒറ്റക്കായി വഴിതെറ്റി. കുറെ അലഞ്ഞ്
ഒരു വിധത്തിൽ രാജാവ് കാടിനു
പുറത്തായി. പക്ഷേ, അതുകൊണ്ടും പ്രശ്നം
തീർന്നില്ല. കൊട്ടാരത്തിലേക്ക്
വഴിയറിയണ്ടേ.. ഒരു കൊച്ചു ഗ്രാമമാണ്
രാജാവ് മുന്നോട്ട് നീങ്ങി.അപ്പോൾ അതാ
ഒരു വയലിൽ കൃഷിക്കാരൻ
പണിയെടുക്കുന്നു.രാജാവ് പറഞ്ഞു
കൊട്ടാരത്തിലേക്ക് വഴി പറഞ്ഞു
തരു.വയലിൽ നിന്ന് കേറാതെ
കൃഷിക്കാരൻ വഴി പറഞ്ഞു കൊടുത്തു.
രാജാവിന് മനസ്സിലായി താനാരാണെന്ന്
ഇയാൾക്ക് മനസ്സിലായിട്ടില്ല
എന്ന്.രാജാവിന് ചെറിയ വിഷമം
തോന്നി. കൊട്ടാരത്തിൽ
തിരിച്ചെത്തിയിട്ടും രാജാവിന്റെ
മനസ്സിലെ വ ല്ലായ്മ വിട്ടു പോയില്ല.
സ്വന്തം രാജാവിനെ തിരിച്ചറിയാത്ത
പ്രജ യോ! ആലോചിച്ചാലോചിച്ച്
രാജാവിന് ദേഷ്യം കൂടി വന്നു. അദ്ദേഹം
എന്ത് ചെയ്തെന്നോ ആ കൃഷിക്കാരനെ
വിളിച്ചുവരുത്തി. സിംഹാസനത്തിൽ
രാജാവിനെ കണ്ട കൃഷിക്കാരൻ
ഞെട്ടിപ്പോയി. രാജാവു പറഞ്ഞു സ്വന്തം
രാജാവിനെ തിരിച്ചറിയാത്തതിന്
ശിക്ഷയുണ്ട് ഒരു ദിവസം തടവറ യിൽ
കിടക്കണം. അങ്ങും തടവറയിൽ
ആണോ കിടക്കുക.
ഹേ! ഞാൻ തടവറയിലോ. രാജാവിന്റെ
ദേഷ്യം ഇരട്ടിച്ചു. മഹാരാജാവിനെ
തിരിച്ചറിയാതിരുന്നതാണല്ലോ ഈ
ശിക്ഷ അതായത് അറിവില്ലായ്മയാണ്
ശിക്ഷ. കൊട്ടാരത്തിലേക്ക്
വഴിയറിയാത്തതുകൊണ്ടല്ലേ അങ്ങ്
എന്നോട് വഴി ചോദിച്ചത് അതും
അറിവില്ലായ്മ തന്നെയല്ലേ! രാജാവിന്
ഉത്തരം മുട്ടി വലിയ തെറ്റാണ് താൻ
ചെയ്തത് അതും സഹായിച്ച ആളോട്.
തന്റെ അറിവില്ലായ്മ ആണ് ഇതിന്
കാരണം. രാജാവ് കൃഷിക്കാരനോട് മാപ്പ്
ചോദിച്ചു.ധാരാളം സമ്മാനങ്ങൾ
നൽകുകയും ചെയ്തു....

Shahana sherin kt 9-G

# മിഴിനീർ

FATHIMA MINHA. T 9K



മിഴിനീർ ചിത്രം പുതുമോടി യോടെ   ണരുവാൻ
മെല്ലെ  കുളിർ കാറ്റായി ഒഴുകി നീ വന്നു
ക്ഷണിക്കാതെ തള്ളിത്തുറന്നു വെൻ ഹൃദയാന്തരത്തിൽ
 നിറമുള്ള പൂക്കനവ് തന്നു അക്ഷരച്ചെപ്പു രചിച്ചു
വളരുന്ന തൂലിക തുമ്പിൽ നീ പുനർജനിച്ചു
കവിതയായ്, പൂർണ്ണ ജീവനായ് നിത്യ വസന്തമായി
നീ മാത്രം ആശിച്ചതും മോഹിച്ചതും പങ്കുവെച്ച്
സ്നേഹവും പ്രണയാത്ര_ സൗഹാർദവും
മറക്കാത്ത ഒരു ഓർമ്മ മാത്രമായി
പ്രണയ ചലങ്ങൾ ഒഴിഞ്ഞ നിമിഷത്തെക്കുറി
ചോർത്തിത പടിയിറങ്ങുന്നു
പച്ചില കൊഴുത്തുണങ്ങിയ ചില്ലകൾക്കിടയിൽ
യാത്രയോതുവാനൊരുങ്ങി
കനൽ ഊർജ്ജ സൂര്യന്റെ ഞാനും അവളും
കനവിൽ കണ്ടതൊരുവഴി മാത്രം
പെരുവഴി ഇരുളിന്റെ ഈ പെരുവഴിയിൽ
തെരുവ് നായ്ക്കൾക്കൊപ്പം പതറാതലയുമ്പോഴും
 മനസ്സിൽ തെളിയുന്ന ചിത്രം ഞാൻ
ചുംബിച്ച് എടുത്ത ഒരു ഓർമ്മ ചിത്രം
നിന്റെ കുളിരുള്ള ഓർമ തൻ നേർചിത്രം

# കൂര



അന്തി പാതിര നേരത്ത്
ചന്നംപിന്നം മഴ പെയ്തു.
ഇടിയും കാറ്റും ഒന്നിച്ചങ്ങനെ മടികൂടാതെ പണി ചെയ്തു..
ദേഷ്യം വന്നൊരു കാറ്റിൻ പടകൾ ചീറി പാഞ്ഞൊരു നേരത്ത്..
ആലിപ്പഴമെന്നൊരു വീരൻ
തുരു തുര വീണു എൻ നെഞ്ചത്ത്
പഴകി ദ്രവിച്ചൊരു ഓലക്കീറിൽ തുളയുണ്ടാക്കി
വിജയം കണ്ടു പഴപ്പേരൻ !
അരിപ്പ കണക്കെ തുളകൾ വീണെൻ കൂരക്കുള്ളിൽ
നുഴഞ്ഞുകയറി മഴ വെള്ളം!
തണുത്തു വിറച്ചൊരു ഉണ്ണിയും നീട്ടി വിളിച്ചു അമ്മേന്ന് ..!
വാരിയെടുത്തു മാറിലൊതുക്കി തേടി ചേരാ കൂരക്കന്നേരം !

മുഹമ്മദ് ഷിഫിൻ സി

# സാൽമൺ

സാൽമൺ
കാക്കക്കൂട്ടത്തിനടിയിൽ
പെട്ടു പോയ ഒരു മത്സ്യം
അതിനെ അവർ അണു നിമിഷം
കൊണ്ട് ശരിയാക്കുമെന്നത് തീർച്ച
ഓസ്ട്രയേ , നീയും ആർത്തി മൂത്ത
മനുഷ്യജന്മത്തിനിടയിൽ
കൊത്തി വലിക്കുവാൻ അനുവദിച്ച കൂടാ
അപ്പോഴും നനഞ്ഞു വിറച്ച്
പൂച്ചയെ പോൽ
ചുരുണ്ടൊതുങ്ങിക്കൂടാ......

Fathima minha. T 9k

# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

**SHAMIL. K 9K**



നിൻഗന്ധമാലെ പൂത്തുലഞ്ഞു
മാനത്തെ മുകിളിൽ ഒളിക്കുന്നതെന്തേ
മിണ്ടാട്ടമില്ലാത്ത പെണ്ണേ
പൂക്കളൊക്കെയും നിനക്കായ് വിരിഞ്ഞു
പൂമോട്ടിനുള്ളിലെ തേൻതുള്ളിയും
അഴകായി നീ അലിവായി നീ
അഴലിന്റെ ആഴങ്ങളിൽ മറഞ്ഞോ

കലാഹൃദയം



സാഹിത്യം ഒരു കലയല്ല
കീറിമുറിക്കപെടുന്ന കലാകാരന്റെ ഹൃദയമാണ്
വർണ വരികളായ് അവ
എഴുതപ്പെടുന്ന മഹാ കാവ്യങ്ങളാണ്
അർത്ഥമുള്ള വരികളല്ല സാഹിത്യം
ഹൃദയം തുളച്ച് പുറത്ത് വരുന്ന സ്വരങ്ങളാണ്
കവി തൻ പ്രതിഷേധത്തെ നിശബ്ദതയോടെ
വിരലുകളുടെ അനക്കത്താൽ അറുളുന്ന ജനതയോട്
ഒരു കവി ഒരു അമ്മയോടാണ് സാമ്യമെന്നും
കവിത ആ അമ്മയുടെ പ്രിയ സന്താണമാണ്
കവിയുടെ അകാലമൃത്യുവിൽ ശേഷിച്ചിരിക്കുന്ന
കവിതാശകലങ്ങളിതാ പാടുന്നു

By
Fathimath Mufeeda kt
9D



സ്വപ്നങ്ങളുടെ ഭാ ണ്ടകെട്ടഴിച്ചപ്പോൾ ,
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി;
എന്നോ നെയ്ത് കൂട്ടിയ സ്വപ്നം –
ഇന്നുമൊരു പൊൻതൂവലായി,
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെയാരും കാണാതെ;
ആ ഭാണ്ടകെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടെ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ

SHAHANA FATHIMA CK
9D

## Life is precious

The gracefulness
of a butterfly,
How gentle,
and fragile they seem.

Gently fluttering
on a calm summers day,
Floating like,
a dream

But sadly,
there time is over,
Hardly before
It's begun.

So enjoy
Your special moments
Like a butterfl □,
In the sun.



# രണ്ടാനമ്മ

പടിപ്പുര എന്നൊരു കൊച്ചു ഗ്രാമത്ത് ഡാർവിൻ എന്ന് പേരുള്ള ഒരു എട്ടുവയസ്സുകാരൻ ഉണ്ടായിരുന്നു. അവന് അവന്റെ അമ്മ എന്ന് വെച്ചാൽ ജീവനായിരുന്നു.തിരിച്ച് അമ്മക്കും.. ഇതിലുപരി അച്ഛനും അവനെ ഏറെ പ്രിയപ്പെട്ടതായിരുന്നു. ഡാർവിൻ പഠിക്കാൻ മിടുക്കനായ കുട്ടിയായിരുന്നു. സ്കൂളിൽ നിന്നും കിട്ടുന്ന എല്ലാ സമ്മാനങ്ങളും അവൻ ആദ്യം അമ്മയ്ക്ക് കാണിച്ചു കൊടുക്കുമായിരുന്നു. അമ്മ എന്നും ജോലി കഴിഞ്ഞു വരുമ്പോൾ അവന് പലതരം സമ്മാനങ്ങൾ കൊണ്ടു കൊടുക്കുമായിരുന്നു. അങ്ങനെ ഒരു കനത്ത മഴയുള്ള ഒരു ദിവസം.., അന്ന് ഡാർവിൻറെ സ്കൂളിൽ കലോത്സവം ആയിരുന്നു. ഡാർവിൻ നാടകത്തിന് പേര് നൽകിയിരുന്നു. രാവിലെ 9 മണിക്ക് അവൻ സ്കൂളിൽ പോകുമ്പോൾ അമ്മയുടെ നെറ്റിത്തടത്തിൽ ഒരുമ്മ കൊടുത്തു അമ്മയോട് യാത്ര പറഞ്ഞു സന്തോഷത്തോടെ സ്കൂളിലേക്ക് പോയി. നാടകത്തിൽ ഡാർവിൻ എന്ന കൊച്ചു മിടുക്കന് ഫസ്റ്റ് പ്രൈസും അതിനുള്ള ട്രോഫിയും കിട്ടി. ഡാർവിൻ അതീവ സന്തോഷത്തോടെ ട്രോഫിയും പിടിച്ചു തുള്ളി ചാടി വീട്ടിലേക്ക് ഓടി. വീട്ടിലെത്തിയപ്പോൾ അവൻ കണ്ടത് ഒട്ടും സഹിക്കാൻ ആവാത്ത ഒരു കാഴ്ചയാണ്. അവൻറെ അമ്മയുടെ ചുറ്റും ഇരുന്ന് കുറെ പേർ കരയുന്നു. കൂട്ടത്തിൽ അവൻറെ അച്ഛനും ഉണ്ട്..'എന്ത് പറ്റി അച്ഛാ..' ഡാർവിൻ ചോദിച്ചു. അച്ഛൻ ഒന്നും പറയാതെ പൊട്ടിക്കരഞ്ഞു. അവൻ അവൻറെ അമ്മയുടെ അടുത്തേക്ക് ചെന്ന് അവന് കിട്ടിയ ട്രോഫി കാണിച്ച് കൊടുത്തു.'അമ്മേ നോക്ക്.. എനിക്ക് നാടകത്തിൽ ഒന്നാം സമ്മാനം കിട്ടി..' ഇത് കേട്ട അച്ഛൻ അവനെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞു..'മോനെ.. നിൻറെ അമ്മ...നിൻറെ അമ്മ പോയി..' അച്ഛൻ പറഞ്ഞത് കേട്ട് ഡാർവിന്റെ കുഞ്ഞു മിഴികൾ നിറഞ്ഞു. .'ഇല്ല.. എൻറെ അമ്മ മരിച്ചിട്ടില്ല..ഞാനിന്ന് രാവിലെ സ്കൂളിൽ പോകുമ്പോൾ അമ്മയോട് സംസരിച്ചതാണല്ലോ..' നിറഞ്ഞ കണ്ണുകളോടെ ഡാർവിൻ പറഞ്ഞു. അവൻ അവൻറെ അമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞു.. അങ്ങനെ കുറച്ച് സമയങ്ങൾക്ക് ശേഷം അവൻറെ അമ്മയെ അടക്കം ചെയ്തു.

(കുറച്ചു മാസങ്ങൾക്ക് ശേഷം) ഡാർവിന്റെ അച്ഛൻ അവൻറെ കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയാതെ വന്നപ്പോൾ അവനെ നോക്കാൻ വേണ്ടി ഒരു വിവാഹം കഴിച്ചു. പക്ഷേ.., അവന്റെ രണ്ടാനമ്മ വളരെ ക്രൂരയായ സ്ത്രീയായിരുന്നു. അച്ഛൻ വീട്ടിൽ ഉണ്ടാകുമ്പോൾ എല്ലാം അവനോട് സ്നേഹം ഉള്ളതുപോലെ അഭിനയിക്കും.., അച്ഛൻ ജോലിക്ക് പോകുമ്പോൾ അവന്റെ ശാസിക്കാനും ഉപദ്രവിക്കാനും തുടങ്ങും. ഇതിങ്ങനെ തുടർന്നുകൊണ്ടിരുന്നു. പാവം ഡാർവിൻ..! അച്ഛനോട് ഒരു പരാതിയും പറയാതെ എല്ലാം സഹിക്കും. അവൻറെ അമ്മ ഉണ്ടാകുമ്പോൾ എല്ലാം സ്കൂൾ അവധിയുള്ള ദിവസങ്ങളിൽ അവൻ പുറത്ത് കൂട്ടുകാരുടെ കൂടെ കളിക്കാൻ പോകുമായിരുന്നു. അവൻറെ രണ്ടാനമ്മ അവനെ പുറത്തൊന്നും കളിക്കാൻ വിടാതെ അടിമയെ പോലെ വീട്ടിൽ പൂട്ടിയിട്ട് പണിയെടുപ്പിക്കും. അങ്ങനെയിരിക്കെ.., ഒരു ദിവസം അവൻറെ അച്ഛൻറെ കൂട്ടുകാരൻ അവനെ കാണാനായി വീട്ടിൽ വന്നു. അപ്പോൾ അവൻറെ രണ്ടാനമ്മ

അവനെ മുറിയിൽ പൂട്ടിയിട്ടിരിക്കുകയായിരുന്നു.'ഡാർവിൻ എവിടെ' അയാൾ അവന്റെ രണ്ടാനമ്മയോട് ചോദിച്ചു.'അവൻ കളിക്കാൻ പോയി' എന്ന് അയാളോട് ആ സ്ത്രീ കള്ളം പറഞ്ഞു. ഇത് കേട്ട് അയാൾ തിരിഞ്ഞു നടന്നു. അവൻ എന്നും കളിക്കാൻ പോകുന്ന സ്ഥലത്ത് അയാൾ അവനെ കുറേ അന്വേഷിച്ചു. അവിടെ എങ്ങും അവനെ കണ്ടില്ല. അവൻറെ കൂട്ടുകാരോട് ചോദിച്ചപ്പോൾ 'അവൻ ഇന്ന് കളിക്കാൻ വന്നിട്ടില്ല' എന്ന് പറഞ്ഞു. അയാൾ വീണ്ടും അവൻറെ വീട്ടിൽ ചെന്ന് അവൻറെ അമ്മയോട് 'അവിടെയെങ്ങും കാണാനില്ല' എന്ന് പറഞ്ഞു. രണ്ടാനമ്മ അയാളോട് ഓരോ കള്ളങ്ങൾ പറഞ്ഞു ഒഴിഞ്ഞുമാറി. ആ സ്ത്രീയുടെ പെരുമാറ്റത്തിൽ എന്തോ പന്തികേട് ഉണ്ടെന്ന് അയാൾക് തോന്നി. അയാൾ ഒന്ന് മുറിയുടെ അടുത്ത് വരെ ചെന്ന് നോക്കിയപ്പോൾ ആരോ കരയുന്ന ശബ്ദം കേട്ടു. ആ മുറിയുടെ വാതിൽ അടച്ചിട്ടിരിക്കുകയായിരുന്നു. അയാൾ ആ വാതിൽ ഒന്ന് തുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ ഡാർവിൻ ഉണ്ടായിരുന്നു. ഡാർവിൻ അയാളെ കണ്ടതും.., 'അങ്കിൾ' എന്ന് വിളിച്ചു ഓടിവന്ന് അയാളെ കെട്ടിപ്പിടിച്ചു. അയാൾ ഡാർവിന്റെ അച്ഛനെ വിളിച്ച് കാര്യങ്ങളെല്ലാം പറഞ്ഞു. അവൻറെ അച്ഛന് അത് കേട്ടപ്പോൾ ദേഷ്യം വന്നു. അവൻറെ അച്ഛൻ ആ സ്ത്രീയെ ഒരുപാട് വഴക്ക് പറഞ്ഞു. അത് കേട്ടപ്പോൾ അവൾക്ക് അവളുടെ തെറ്റ് മനസ്സിലായി. അവൾ കരഞ്ഞു കൊണ്ട് ഡാർവിനോട് മാപ്പ് പറഞ്ഞു. ശേഷം അവർ സന്തോഷത്തോടെ ജീവിച്ചു..

**Fathima Noufiya CH**
**9th G**





PAINLESS WORLD

In one place there was a sister and a brother.
Their father and mother had died a few years ago,
so the sister became the mother of her brother.
One day that sister was feeding her brother.
At that time the brother asked
"Sister, why are those stars looking at us ?"
"Those stars are laughing at us"
Sister said.”Why?"
"Between those stars will be our father and mother,
and they are the ones laughing at us."
"Why did our mother and father go to heaven?"
Brother asked.”They have gone to God,"
answered the sister.
"Why did they leave us alone?"
"They are called by God. God will take those
who are in some trouble to God."
"Shall we also go to God"
“Never mind, baby, eat."
The conversation continued.....
"  How beautiful that world without return, without
pain will be in our imagination. But, they may be
leaving with so many dreams left. Maybe what we
see is the tears of our loved ones through the stars,
and the constellations around us come to share their pain... "